"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊച്ചി കോർപറേഷൻ - ഇടപ്പള്ളി സോണൽ ഓഫീസ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നമ്പർ വി.സി VC 20/2025/EKM - നിലവിൽ സസ്പെൻഷനിൽ തുടരുന്ന സൂപ്രണ്ട് ശ്രീ.ലാലച്ചൻ.വി.എം - സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിച്ച് - OA[EKM] 304/2026 ഹർജിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1308/2026/LSGD തീയതി,തിരുവനന്തപുരം, 20-07-2026

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.11.2025 തീയതിയിലെ C3 (VC-20/2025/EKM) 48048/2025/DVACB നമ്പർ കത്തും അനുബന്ധ രേഖകളും
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.10.2025- തീയതിയിലെ LSGD/PD/32493/2025-VIGC4 നമ്പർ നടപടിക്രമം.
3. സൂപ്രണ്ട് ശ്രീ.ലാലച്ചൻ.വി.എം സമർപ്പിച്ച 23.01.2026 തീയതിയിലെ അപേക്ഷ
4. OA[EKM] 304/2026 ഹർജിയിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ 10.03.2026 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസ് പരിധിയിൽ വീടിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് ഓൺലൈനിൽ സമർപ്പിച്ച അപേക്ഷയിൽ യാതൊരുവിധ നടപടികളും സ്വീകരിക്കാതെ കൈക്കൂലി പണം വാങ്ങണമെന്ന ഉദ്ദേശത്തോടെ ഗൂഢാലോചന നടത്തി, ടി അപേക്ഷയിലെ നടപടിക്രമങ്ങൾ നീട്ടിക്കൊണ്ടുപോകുകയും, അപേക്ഷകൻ നേരിട്ട് കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസിലെത്തി വിവരങ്ങൾ ആരാഞ്ഞ സമയം ഉടമസ്ഥാവകാശം മാറ്റുന്നതിനു വേണ്ടി കൈക്കൂലിയായി വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തതായുള്ള ആരോപണത്തിൽ സൂപ്രണ്ട് ശ്രീ.ലാലച്ചൻ.വി.എം, റവന്യൂ ഇൻസ്പെക്ടർ ശ്രീ.മണികണ്ഠൻ.എ എന്നിവർക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 20/2025/EKM കേസ് രജിസ്റ്റർ ചെയ്യുകയും കൈക്കൂലി കൈപ്പറ്റുന്നതിനിടെ ടി ഉദ്യോഗസ്ഥരെ പിടികൂടുകയും അറസ്റ്റ് ചെയ്യുകയും ചെയ്തതായി വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. പ്രസ്തുത വിഷയത്തിൽ സൂപ്രണ്ട് ശ്രീ.ലാലച്ചൻ.വി.എം-നെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം 16/10/2025 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ടി കേസന്വേഷണം പൂർത്തിയാകുന്നതുവരെ

കുറ്റാരോപിതരെ സർവ്വീസിൽ തിരിച്ചെടുക്കാതെ സസ്പെൻഷനിൽ നിർത്തുന്നതിനും കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക ദുഷ് പെരുമാറ്റത്തിന് (Official Misconduct) വകുപ്പതലനടപടി സ്വീകരിക്കേണ്ടതാണെന്നും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് സൂപ്രണ്ട് ശ്രീ.ലാലിച്ചൻ.വി.എം-ന് എതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റാരോപണ മെമ്മോ നൽകുയും ചെയ്തിരുന്നു.

3.സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ലാലിച്ചൻ.വി.എം പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഇതേ ആവശ്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിൽ OA[EKM] 304/2026 ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. OA[EKM] 304/2026 ഹർജിയിൽ 10.03.2026 തീയതി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ ചുവടെ ചേർത്ത പ്രകാരം ഉത്തരവായിരുന്നു.

*"Accordingly, the Original Application is disposed of with a direction to the 1st respondent to consider and pass orders on Annexure A3 appeal against the order of suspension within a period of two months from the date of receipt of a copy of this order."*

4.ശ്രീ.ലാലിച്ചൻ.വി.എം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസിൽ അറസ്റ്റിലായതിനെ തുടർന്നാണ് സസ്പെൻഷനിൽ ആയിട്ടുള്ളത് എന്നതിനാൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയും വിജിലൻസ് വകുപ്പുമാണ്. വി.സി-20/2025/EKM കേസ് നിലവിൽ അന്വേഷണ ഘട്ടത്തിലാണെന്നും കുറ്റാരോപിതനായ ശ്രീ. ലാലിച്ചൻ വി.എം-നെ ചുരുങ്ങിയ കാലയളവിനുള്ളിൽ സർവ്വീസിൽ പ്രവേശിപ്പിച്ചാൽ സമാന രീതിയിൽ കുറ്റം ചെയ്യുന്നതിനും മറ്റ് ഉദ്യോഗസ്ഥരെ അഴിമതിക്ക് പ്രേരിപ്പിക്കുന്നതിനും സാധ്യതയുള്ളതിനാലും ഇക്കാര്യങ്ങൾ പൊതു സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നതിനാലും കുറ്റാരോപിതനെ സസ്പെൻഷനിൽ തന്നെ നിർത്തുന്നതിനാണ് അന്വേഷണ ഉദ്യോഗസ്ഥനും വിജിലൻസ് ഡയറക്ടറും ശിപാർശ ചെയ്തിരുന്നു. കൂടാതെ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന വിഷയം 15/06/2026 തീയതിയിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി പരിശോധിക്കുകയും വിജിലൻസ് കേസിൽ അന്വേഷണം നടന്നു വരുന്ന സാഹചര്യത്തിൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

5.ആയതിനാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസിൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന കൊച്ചി കോർപ്പറേഷൻ ഇടപ്പള്ളി സോണൽ ഓഫീസിലെ സൂപ്രണ്ട് ആയിരുന്ന ശ്രീ.ലാലച്ചൻ.വി.എം -നെ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്ന് 15/06/2026 തീയതിയിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനിച്ച സാഹചര്യത്തിൽ ടിയാനെ നിലവിൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് പാരമർശം (3)- പ്രകാരം സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (4) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ ,കേരള , എറണാകുളം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ.ലാലച്ചൻ.വി.എം, സൂപ്രണ്ട് (നിലവിൽ സസ്പെൻഷനിൽ)പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/239/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 20-07-2026
12:12:45
സെക്ഷൻ ഓഫീസർ